
**സുനിതാ ഉമ്മർ**, GHSS **അഞ്ചൽ വെസ്റ്റ്.**

# ഒരു ക്വാറന്റൈൻ അപാരത

ഞാനാദ്യമായി വായിച്ച സയൻസ് ഫിക്ഷൻ നോവൽ " The War of the World's" - ആണ്.. H G. wells - എന്ന വിഖ്യാത എഴുത്തുകാരന്റേത്.




പൂമ്പാറ്റയുടെ - സംരംഭമായ - "പൈകോ ക്ലാസ്സിക്സ് "- കുട്ടികൾക്കു വേണ്ടിയുള്ള ' ലോക ക്ലാസിക് നോവലുകളുടെ - ഒരു പരമ്പരയായിരുന്നു - മോബി ഡിക്, ബെൻഹർ, ഫ്രാങ്കെൻ സ്റ്റീൻ, അദൃശ്യ മനുഷ്യൻ, ടൈം മെഷീൻ, ടോം സോയർ , ഷേക്സ്പിയർ കഥകൾ എന്നു വേണ്ട പ്രസിദ്ധീകരിക്കപ്പെട്ടതു മുഴുവൻ അക്കാലത്ത് ഞാനാഹ്ലാദത്തോടെ വായിച്ചു... ചന്ദ്രനിൽ മുയലുണ്ടെന്നും ചൊവ്വാഗ്രഹത്തിൽ വേറെയേതാണ്ടുണ്ടെന്നും - അവരൊരിക്കൽ പറക്കും തളികയിൽ ഭൂമീലിറങ്ങി നമ്മളുമായി ഒരു പുസ്സി ക്യാറ്റിനെപ്പോലിണങ്ങുമെന്നും - അപ്പുറത്തെ കുഞ്ഞോൾടെ വീട്ടീപ്പോകുന്ന വേഗത്തിൽ തളികേക്കേറി ചൊവ്വേലോട്ട് സർക്കീട്ടടിക്കാനു മൊക്കെ ആലോചിച്ച് വണ്ടറടിച്ചു നടന്ന ഒരു പള്ളിക്കൂടം കാലത്ത് ചൊവ്വാഗ്രഹ ജീവികളെ കുറിച്ചുള്ള ആ കഥ പക്ഷേ എന്നെ വല്ലാതെ ഭയപ്പെടുത്തിക്കളഞ്ഞു. കഥാസംഗ്രഹം ഒന്നു പറയാം....

ചൊവ്വാഗ്രഹത്തിൽ ഒരു വൻ വാതക സ്ഫോടനം നടന്നുവെന്ന വാർത്ത അധികമാരും ശ്രദ്ധിക്കാതെ വിട്ട ഒരു സമയം...അങ്ങ് . ലണ്ടൻ പട്ടണത്തിന് കുറേ യകലെയായി ഒരു ഗ്രാമത്തിൽ ഒരു രാത്രി ആകാശത്തു നിന്ന് വലിയൊരു പ്രകാശഗോളം ഒരു പാടത്തേക്ക് പതിക്കുന്നു. ചൊവ്വാഗ്രഹ ജീവികളുടെ പേടകം തകർന്നു വീണതായിരുന്നു അത്.! ഒന്നുമറിയാതെ അവിടെയെത്തിയ മനുഷ്യർ കണ്ടത് വലിയൊരു ഗർത്തത്തിനുള്ളിൽ തിളങ്ങുന്ന വെള്ളി നിറത്തിൽ സിലിണ്ടർ പോലെ എന്തോ ഒന്ന് - അവർ നോക്കിനിൽക്കെ അതിന്റെ മേൽ മൂടി തുറന്ന് ധാരാളം കൈകളുള്ള അറപ്പും ഭയവുമുളവാക്കുന്ന നീരാളികളെപ്പോലെ തോന്നിപ്പിക്കുന്ന ഒന്നിലധികം വിചിത്ര രൂപികൾ പുറത്തിറങ്ങി - അവ ഒരു തരം പച്ച പ്രകാശം പുറപ്പെടുവിച്ച് അവിടെ നിന്ന മനുഷ്യരെയും, മരങ്ങളേയും കരിച്ചു കളഞ്ഞു.. പ്രകാശ പരിധിയിൽ നിന്നല്പമകലെയായതുകൊണ്ടു മാത്രം രക്ഷപെട്ട ആ ദൃക്സാക്ഷിയുടെ വിവരണത്തിലൂടെയാണ് ഒരു വലിയ പട്ടണത്തിന്റെ സർവ്വനാശത്തിന് നമ്മളും സാക്ഷിയാകുന്നത്.ഈ ദൃക്സാക്ഷി ആവുന്നത്ര ആളുകളോട് ഇത് വിളിച്ചുകൂവി പറയുന്നുണ്ട്... ആരും വിശ്വസിക്കാൻ കൂട്ടാക്കുന്നില്ലെന്ന് മാത്രമല്ല



പരിഹസിക്കുക കൂടി ചെയ്യുന്നു... അപ്പോഴേക്കും മൂന്ന് സിലിണ്ടറുകൾ കൂടി പലയിടത്തായി വീണു.. പൊക്കമേറിയ പൈൻ മരങ്ങളെപ്പോലും ചവിട്ടിയരച്ച് മുക്കാലി പോലെ ഉയർന്നു നടക്കുന്ന ആ ലോഹയന്ത്രങ്ങൾക്കകത്ത് സുരക്ഷിതരായിരുന്നു കൊണ്ട് ആ വിചിത്ര നീരാളികൾ

കണ്ണിൽപ്പെടുന്നതെന്തും നശിപ്പിച്ച് അവിടവിടെ നടന്നു.. കണ്ട മനുഷ്യരെയൊക്കെ നീരാളിക്കൈ നീട്ടി തൂക്കിയെടുത്ത് ലോഹക്കൂട്ടിനകത്തേക്കിട്ടു – കൂറ്റൻ കെട്ടിടങ്ങളും മരങ്ങളും, തോക്കുകളും, ഷെല്ലുകളും, പീരങ്കികളും സേനകളും – നിമിഷാർദ്ധം കൊണ്ട് കരിഞ്ഞ് ഭസ്മമായിപ്പോകുന്നത് ഉൾക്കിടിലത്തോടെയേ കണ്ടിരിക്കാനാവൂ...

ഒരിക്കൽ തനിക്ക് കുറുകേ ചാടിപ്പോയ ഒരു പൂച്ചയെയല്ലാതെ ജീവനുള്ള ഒന്നിനേയും കണ്ടില്ല എന്ന് ദൃക്സാക്ഷി പറയുമ്പോൾ നിശബ്ദത ചിലപ്പോൾ എത്രമാത്രം ഭയാനകമാണെന്ന് നമ്മളറിയുന്നു...

ഗ്രാമത്തെ രക്ഷിക്കാൻ നിയോഗിക്കപ്പെട്ട കമാൻഡർ ഇൻ ചീഫ് – വലിയ സേനാ നഷ്ടത്തിന്റെ മുമ്പിലും, – നിമിഷാർദ്ധം കൊണ്ട് തകർന്ന ലോഹക്കൂട് നന്നാക്കി നീണ്ടു നിവർന്നു നിൽക്കുന്ന ചൊവ്വാ ജീവികളുടെ പ്രഹര ശേഷിക്ക് മുമ്പിലും ഭയന്ന്- ലണ്ടൻ പട്ടണത്തെ ഒരു തരത്തിലും രക്ഷിക്കാനാവാത്തതു കൊണ്ട് പിൻവാങ്ങുന്നു- എന്ന് പത്രക്കുറിപ്പിറക്കി രക്ഷപെടുന്നു.. ലണ്ടനിലാകെ പരിഭ്രാന്തി പടർന്നു.. മുന്നറിയിപ്പുകളെയെല്ലാം പുല്ലു പോലെ ഗണിയ്ക്കാൻ തക്കവിധം വളർന്ന അഹങ്കാരവും അജ്ഞതയും, ലക്ഷക്കണക്കിനു പേർ പലായനം ചെയ്യേണ്ടുന്ന ഗതികേടിലേയ്ക്കാണവരെ എത്തിച്ചത്... അഭയാർത്ഥികൾ സഞ്ചരിച്ച കപ്പലുകൾ പിന്തുടർന്ന് നശിപ്പിക്കുന്ന രംഗവും, ഒളിച്ചു താമസിച്ച വീടിനുള്ളിലേക്കിഴഞ്ഞു വന്ന ഒരു നീരാളിക്കൈ – ദൃക്സാക്ഷിയുടെ ഷൂസിൽ തൊട്ട് പരിശോധിച്ചിട്ട് പിൻവലിയുന്നതും, ഇടക്കെപ്പോഴോ ഒപ്പം കൂടിയ പുരോഹിതനെ അയാളുടെ കൺമുന്നിലൂടെ ഒരു നീരാളിക്കൈ

ചുറ്റിവരിഞ്ഞ് തറയിൽ തല്ലിയും ഇഴച്ചും വലിച്ചുകൊണ്ടു പോകുന്ന രംഗങ്ങളുമൊക്കെ പേടിച്ച് വിറച്ചാണ് ഞാൻ അന്ന വായിച്ചത്..

*(റോഡിലൂടെ പോകാതെ എളുപ്പത്തിൽ സ്കൂളിലെത്താൻ തൊട്ടടുത്ത കാട്ടിലൂടൊരു വഴിയുണ്ട് ഞങ്ങൾക്ക് - കാട്ടിലൂടെ നടക്കാനുള്ള ഇഷ്ടവും , സാറ്റ് കളിക്കാനുള്ള സുഖവും കൊണ്ട് - മിക്കപ്പോഴും ഞങ്ങളാ വഴിയായിരുന്നു പോക്കും വരവും - കാട്ടിലൊരു " മണ്ണെടുക്കാംകുഴി"യുണ്ട്.. ആളുകൾ വീടിന്റെ തറ തേച്ച തളിക്കാറുള്ള പ്രത്യേകതരം ചേടി മണ്ണ് കിളച്ചെടുത്തെടുത്ത് വിശാലമായൊരു കുഴി .. ഈ കഥ വായിച്ചതു മുതൽ നിലാവുള്ള ഒരു രാത്രിയിൽ ഒരു പറക്കും തളിക - മണ്ണെടുക്കാംകുഴിയിലേക്കു വീഴുന്നത് ഞാൻ സങ്കല്പിച്ചു.. ശേഷം ഭാഗങ്ങൾ പഴയ പോലെ ഞാനെന്റെ ഇഷ്ടത്തിന് ചിട്ടപ്പെടുത്തിയെങ്കിലും ആ സങ്കല്പഭംഗിയുടെ രസം കളയുന്ന എന്തോ ഒന്ന് അപ്പോഴൊക്കെയുണ്ടായി....ഞങ്ങൾ കൂട്ടുകാർക്കിടയിൽ ഇതിനെക്കുറിച്ച് പേടിപ്പെടുത്തുന്ന അനുബന്ധ നുണക്കഥകളും, ചർച്ചകളും തർക്കവുമൊക്കെ ആവോളമുണ്ടായി താനും..*

*അങ്ങനെയൊരു വൈകുന്നേരത്ത് ഞാനും കുഞ്ഞോളും വാതോരാതെ കാര്യം പറഞ്ഞു കാട്ടിലൂടെ വരുന്നതിനിടയിൽ വല്ലാത്തൊരു ശബ്ദം കേൾക്കാനിടയായി... ചുറ്റുമൊന്ന് കണ്ണോടിച്ചു കൊണ്ട് ഞങ്ങൾ വീണ്ടും നടന്നു.. മണ്ണെടുക്കാം കുഴിയുടെ അടുത്തെത്താറായപ്പോൾ കുറച്ചു കൂടി ഉച്ചത്തിൽ ഒരു വികൃത ശബ്ദം വീണ്ടും മുഴങ്ങി... ഞങ്ങളന്നോളം അങ്ങനെയൊന്ന് കേട്ടിട്ടില്ല.. പതറിപ്പോയ നോട്ടമിടഞ്ഞ നിമിഷം ഞങ്ങൾ കുതിച്ചു പാഞ്ഞു... അല്പം പിറകിലായിരുന്ന കുഞ്ഞുമോൾ വീടെത്താറായപ്പോഴേക്കും തട്ടിവീണ് മുട്ടുമുറിയുകയും ചെയ്തു.. അവളുടെ അമ്മച്ചി - കയ്യാലപ്പുറത്ത് വന്നു നിന്ന് എന്നെ ഭീഷണിപ്പെടുത്തി.. "ഇനി മേലാൽ ഈ മാതിരി പുസ്തോം - വല്ലോം കുഞ്ഞുന് കൊടുത്താൽ... ങ്ഹാ..." -*

*സന്ധ്യയ്ക്കു പോച്ചയറുപ്പ്കാരി മേരിക്കുട്ടി ചേച്ചിയുണ്ട് കരഞ്ഞോണ്ട് വരുന്നു - ' മണ്ണെടുക്കാം കുഴീടെ കരയിൽ കെട്ടിയിരുന്ന അവരുടെ ആട് മധുരപ്പുല്ലിന് തല നീട്ടിയതാവും, കുഴിയിലേക്ക് വീണ് കഴുത്തിറുകി ചത്തുപോയത്രേ..*


*ഞാൻ വിഷയത്തിൽ നിന്നിത്തിരി വിട്ടു പോയി.. ല്ലേ..? തുടരാം.)*

അങ്ങനെ ഒടുവിൽ -ലണ്ടൻ പട്ടണം ഒരോർമ്മയായി അവശേഷിക്കുന്നതിന് തൊട്ടുമുമ്പ് , അതിശയമെന്നു പറയട്ടെ-- ചൊവ്വാഗ്രഹ ജീവികൾ അവയ്ക്കു പോലും പിടികിട്ടാത്ത , ഭൂമിയിലുള്ള എന്തോ ഒന്നിന്റെ ശക്തി കൊണ്ട് ഒന്നൊന്നായി നിലം പതിച്ചു ... അവരുടെ നാശത്തിന് കാരണമായത് ഭൂമിയിലെ ഏറ്റവും - സൂക്ഷ്മജീവികളായ ബാക്ടീരിയകളായിരുന്നു. അവരുടെ ലോകത്ത് ഇവറ്റകളില്ലാരുന്നു...

അങ്ങനെ ഈ ശുഭവാർത്ത ടെലിഗ്രാഫ് യന്ത്രം ലോകമെമ്പാടുമെത്തിച്ചു... മനുഷ്യ രാശിയുടെ ആശ്വാസ സൂചനയെന്നോണം പള്ളി മണികൾ മുഴങ്ങി..!

1897-ൽ എഴുതപ്പെട്ട ഈ കഥയ്ക്ക് ഇവിടെന്തു പ്രസക്തിയെന്നു ഞാനിനി പറയേണ്ടതില്ലല്ലോ.. മനുഷ്യകുലത്തിന് നന്മ ചെയ്യു ഒരു സൂക്ഷ്മജീവി സഞ്ചയത്തെയാണ് ഈ കഥയിൽ നമ്മൾ കണ്ടത്.. ഭൂമിയിലെ മാലിന്യങ്ങളായ മാലിന്യങ്ങളെല്ലാം ഉടച്ച് മണ്ണിന്റെ ഭാഗമാക്കിത്തീർത്ത് നമ്മുടെ ജൈവാന്ത:രീക്ഷം ശുദ്ധീകരിക്കുന്നത്

ഇവയാണ്.. എന്നാൽ മനുഷ്യകുലത്തെ മുച്ചൂടും നശിപ്പിക്കാൻ ശേഷിയുള്ള സൂക്ഷ്മജീവികളെയും ചരിത്രവും ശാസ്ത്രവും നമുക്ക് കാട്ടിത്തന്നിട്ടുണ്ട്...



വൈറസ് എന്ന പദമുണ്ടായത് വിഷം - എന്നർത്ഥം വരുന്ന ലാറ്റിൻ വാക്കിൽ നിന്നാണ്.. 1899-ലാണ് വൈറസ് എന്ന സൂക്ഷ്മജീവിയെ ശാസ്ത്രലോകം പരിചയപ്പെടുന്നത് . അതിനു മുമ്പ് തന്നെ ഫ്രഞ്ചും റഷ്യയുമൊക്കെ പഠനങ്ങൾ നടത്തിയിരുന്നുവെങ്കിലും 1899-ൽ ഡച്ചുകാരനായ സൂക്ഷ്മ ജൈവശാസ്ത്രജ്ഞൻ 'മാർട്ടിനസ് ബീജറിക്' ആണ് ബാക്ടീരിയ അല്ലാത്ത രോഗകാരികളായ സൂക്ഷ്മജീവികളുണ്ടെന്ന് സ്ഥിരീകരിച്ചത്.. ( ഇദ്ദേഹമാണ് നാം സ്കൂൾ ക്ലാസ്സുകളിൽ പഠിച്ച - പുകയിലകളിലെ രോഗകാരണമാകുന്ന Tobacco Mosaic Virus കണ്ടു പിടിച്ചതും ആ പേര് നൽകിയതും..) - ഇന്ന് നമ്മുടെ അറിവിലുള്ള ഭീതിജനകമായ പലതരം പനികൾ വൈറസ് ആക്രമണങ്ങളാണെന്ന് നമുക്കറിയാം..

ഈ വൈറസുകളെ ഉന്മൂലനം ചെയ്യാൻ മരുന്നുകളൊന്നും തന്നെ ശാസ്ത്രലോകം വികസിപ്പിച്ചിട്ടില്ല - ഒരു രക്ഷയുള്ളത് മനുഷ്യ ശരീരത്തിന് ഒരു വിധം വൈറസുകളെയൊക്കെ ചെറുക്കാനുള്ള ഒരു പ്രതിരോധ സംവിധാനമുണ്ടെന്നുള്ളതാണ്..



മാനവരാശിയുടെ ചരിത്രത്തിൽ കോടി ക്കണക്കിന് മനുഷ്യ ജീവനെടുത്ത പാൻഡെമിക്കുകളെക്കുറിച്ച് നമ്മൾ ചിലപ്പോഴെങ്കിലും, വായിച്ചിട്ടുണ്ട്, പഠി ച്ചിട്ടുണ്ട്.. പ്ലേഗ്, വസൂരി, വിഷൂചിക, കോളറ അങ്ങനെയങ്ങനെ നമ്മളിപ്പോ കൊറോണയിലെത്തി നിൽക്കുന്നു..! കുറേ പിന്നോട്ട് സഞ്ചരിച്ചാൽ AD - 54l - 542-ൽ "ജസ്റ്റീനിയൻ പ്ലേഗ്" മൂലം ഏതാണ്ട് രണ്ടരക്കോടി ജനങ്ങളാണ് മരിച്ചതെന്ന് പറയപ്പെടുന്നു.. രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ പ്ലേഗ് ദുരന്തമാണിത്.. ഇനി 50 ലക്ഷത്തിലധികം ജീവനെടുത്ത "ആന്റോണൈൻ പ്ലേഗി" ന കാരണം അജ്ഞാതമാണ് .. വസൂരിയോ മറ്റോ ആകാമെന്ന് ഊഹം മാത്രം.. ഏറ്റവും മാരകമായ പാൻഡെമിക്കുകളിൽ ഒന്നായിരുന്ന 1346-ലെ "കറുത്ത മരണം ""... ബ്യൂബോണിക് പ്ലേഗ് മൂലം 20 കോടി ജനങ്ങൾക്കാണ് അക്കാലത്ത് ജീവഹാനി സംഭവിച്ചത് .. ഏഷ്യയിൽ തുടക്കം കുറിച്ച ഈ രോഗം യൂറോപ്പ് ആഫ്രിക്ക, തുടങ്ങി എല്ലാ ഭൂഖണ്ഡങ്ങളിലും എത്തിയത് ചരക്കുകപ്പലുകളിലും മറ്റും കയറിപ്പറ്റിയ എലികളിലൂടെയായിരുന്നു.. തുമ്മിയാൽ പടരുന്ന രോഗം.. പാരീസ് നഗരം പൂർണ്ണമായും ഈ രോഗത്തിന്റെ പിടിയിലമർന്നു.


**ഏഴ് വർഷം നീണ്ടുനിന്ന ഈ മഹാമാരി പടർന്ന രാജ്യങ്ങളിലെയൊക്കെ ജനസംഖ്യ പഴയ നിലയിലെത്താൻ 150 വർഷങ്ങളെടുത്തു..**

ഇതിനിടയിലെല്ലാം ഈ പ്ലേഗിന്റെ ആവർത്തനങ്ങളുണ്ടായി.. രോഗികളെ ചികിത്സിക്കാൻ ഡോക്ടർമാർ മടിച്ചു.. ഭയന്നു.. ഒരുപാട് പലായനങ്ങളുണ്ടായി..

അതുപോലെ 7 കോളറ മഹാമാരികൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് - ഇതിൽ മൂന്നാം കോളറ -1884-ൽഇന്ത്യയിൽ തുടങ്ങി -ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക അങ്ങനെ പടർന്നു.. മരണ നിരക്കുകൾ പത്തു ലക്ഷത്തിലധികം.. ആറാം കോളറ - 1910-ൽ.. വടക്കനാഫ്രിക്ക, പശ്ചിമേഷ്യ, കിഴക്കൻ യൂറോപ്പ്, റഷ്യ, അമേരിക്ക എന്നിവിടങ്ങളിൽ അതിവേഗം പടർന്നു.. മരണ നിരക്കുകൾ ഊഹിക്കാമല്ലോ.. ഇപ്പോഴും കോളറയുണ്ട്: പക്ഷേ ഭീകരമല്ല..പിന്നെ, റഷ്യൻ ഫ്ലൂ - 1889-ൽ - 10 ലക്ഷത്തിലധികം ജീവനെടുത്തു.. കാനഡ യിലാണ് ആദ്യം രേഖപ്പെടുത്തിയതെന്ന് പറയപ്പെടുന്ന - അണു ജീവികളെപ്പറ്റിയുള്ള പഠന ത്തിന്റെ പ്രാരംഭ കാലത്തായിരുന്ന ഈ രോഗബാധ .. ഈ പഠനങ്ങളാണ് വൈറസുക ളെപ്പറ്റിയുള്ള അറിവിലേക്ക് നയിച്ചത് .. ഹോങ്കോംഗ് ഫ്ലൂ (മരണം - 5 ലക്ഷം ), ഏഷ്യൻ ഫ്ലൂ (മരണം 20 ലക്ഷം), സ്പാനിഷ് ഫ്ലൂ - 5 കോടി മരണങ്ങളാണ് ഔദ്യോഗിക കണക്ക്..

പിന്നെ 1976- ൽ 'ഹോംഗോങിൽ ആദ്യമായി കണ്ടെത്തിയ - AIDS - പ്രതിവർഷം 20 ലക്ഷത്തിലധികം പേരുടെ ജീവനെടുത്തോണ്ട് പോയി.. വസൂരി - ലോകം കണ്ട ഏറ്റവും വലിയ പാൻഡെമിക്കുകളിൽ ഒന്നല്ലേ..? കാരണം വേരിയോള വൈറസ്... 20 ദശലക്ഷത്തിലധികം ദാരുണമരണങ്ങൾ...! വസൂരിയെ നമ്മൾ തുടച്ചു മാറ്റിയതായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചത് 1980-ലാണ്..-*( ഈ വിവരങ്ങൾക്ക് ഒരു ഓൺലൈൻ വായനയോട് കടപ്പാട് )*

പിന്നീടിങ്ങോട്ട് ജപ്പാൻ ജ്വരം,ഡെങ്കിപ്പനി, എലിപ്പനി, പന്നിപ്പനി, പക്ഷിപ്പനി,ചികുൻഗുനിയ, H1_N 1, നിപ..തുടങ്ങി - ഇപ്പോഴിതാ ഏറ്റവും മാരകമായ മഹാമാരികളിലൊന്നായി മാറാൻ സാധ്യതയോടെ "കൊറോണയും...". സ്വയം ഉത്തരവാദിത്തബോധമുണ്ടായിരിക്കയും,സാമൂഹിക ഉത്തരവാദിത്തം പുലർത്തുകയും ചെയ്യുന്ന ഒരു ജനസമൂഹത്തിനു മാത്രമേ ഇത്തരം രോഗങ്ങളെ പിടിച്ചുകെട്ടാനാവൂ.. വാർത്തകളിലെ ചില - മലയാളി-ക്കാഴ്ചകൾ നമ്മളെ അതിശയിപ്പിക്കുകയും അരിശപ്പെടുത്തുകയും ചെയ്യുന്നില്ലേ...?




ടി. വി. തുറന്നാൽ, ലോകരാജ്യങ്ങളിലെല്ലാം സമ യം ചലനമറ്റു കിടക്കുന്നു..!! ശൂന്യമായ റോഡുകൾ..! അന ക്കമുണ്ടെന്ന് തോന്നിപ്പിക്കാതെ ആകാശഗോപുര ങ്ങൾ... ! ഭീതിജനകമായ ആശുപത്രിക്കാഴ്ചകൾ .. ! വിവരണ ങ്ങൾ ... ശാസ്ത്ര സാങ്കേതിക വിദ്യകളെല്ലാം അക്ഷരാ ർത്ഥത്തിൽ ശങ്കിച്ചു നിൽക്കുന്നു.. പക്ഷേ ജീവിതത്തെ സഹനീയമാക്കുന്ന ചില തൊക്കെ ഇപ്പോഴും കേരളത്തിനന്യമല്ല.. മനുഷ്യസഹജമായ ചില വിലക്ഷണതകൾ വിട്ട് യുക്തിപൂർവ്വം ചിന്തിക്കാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ... ഇന്ത്യയുടെ വർത്തമാനദു:ഖങ്ങളെ ജാഗ്രതയോടെ കണ്ടില്ലെങ്കിൽ അനാസ്ഥാപൂർണ്ണമായ ഒരു സമൂഹമായി നമ്മൾ അവസാനിച്ചേയ്ക്കും..

ശ്ലാഘനീയമായ ഒരു പൊതുജനാരോഗ്യ സംവിധാനമുള്ളത് നമ്മുടെ ഭാഗ്യമാണ്... സർക്കാർ സംവിധാനങ്ങളേയും, ആരോഗ്യ സുരക്ഷാ നിർദ്ദേശങ്ങളേയും, നിലവിലുള്ള പരിമിത സാഹചര്യത്തിൽ ഗുണപരമായി പ്രയോജനപ്പെടുത്താൻ നാം ശ്രദ്ധ വെയ്ക്കണം.. എല്ലാ മേഖലകളിലും കനത്ത നഷ്ടമുണ്ടാക്കിക്കൊണ്ടും, ആകെയൊരു അനിശ്ചിതാവസ്ഥ നിലനിർത്തിക്കൊണ്ടും ഈ ബാധ പതിയെ ഒഴിഞ്ഞു പോയേക്കും..

ഒരു കാര്യം സത്യമാകും.. അതിജീവനമെന്തെന്ന് നമ്മുടെ കുഞ്ഞുങ്ങൾ പഠിക്കും.. വരും കാലങ്ങളിൽ ദൈവം, മനുഷ്യൻ,ജീവിതം, മതം - ഇതൊക്കെയായിരിക്കും അവരുടെ ആത്മാന്വേഷണത്തിന്റെ വിഷയങ്ങൾ.. വർത്തമാനത്തേയും ഭാവിയേയും മാത്രമല്ല എല്ലാ കാലബോധങ്ങളേയും വിലയിരുത്താൻ അവർക്കു ശേഷിയുണ്ടാവും.. അങ്ങനെയാവട്ടെ -

ഈ കനൽക്കാലം നമുക്ക് നടന്നു തീർക്കേണ്ടതുണ്ട്... വിഷാദത്തിന്റെ കാർ മേഘങ്ങൾ പെയ്തൊഴിയും... ആകാശം -ഭൂമിയെ കഴുകിത്തുടച്ച് വെടിപ്പാക്കി വെയ്ക്കും.. മരങ്ങൾ തളിർക്കും.. പൂവിട്ട ചില്ലകളിലേക്ക് രാത്രിമഞ്ഞും നിലാവുമുതിരും.... ഹൃദയങ്ങളിൽ ഒരു ലോകം നിറച്ചുവെച്ച് പാറിപ്പറന്നു വരുന്ന ശലഭഘോഷങ്ങളാൽ നമ്മുടെ സ്കൂൾ മുറ്റം ഇനിയും നിറയും... ആ നിമിഷങ്ങൾക്കായ് കൊതിച്ചു കൊണ്ട്...

**സുനിതാ ഉമ്മർ ,** GHSS അഞ്ചൽ വെസ്റ്റ് .